**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 713** **02-02-2023 - ൽ മറുപടിയ്ക്ക്**

**മാർമല ചെറുകിട ജലവൈദ്യുത പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ മാർമല ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇനി എന്തെല്ലാം നടപടികളാണ് പൂർത്തീകരിക്കാനുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ മാർമല ചെറുകിട ജലവൈദ്യുത പദ്ധതി നടപ്പിലാക്കുന്നതിന് 5.9099 ഹെക്ടർ പട്ടയഭൂമിയും 1.5627 ഹെക്ടർ പട്ടയരഹിതഭൂമിയും ഉൾപ്പെടെ 7.4726 ഹെക്ടർ സ്ഥലം ആവശ്യമുണ്ട്. പദ്ധതിയുടെ ഭൂമി ഏറ്റെടുക്കുന്നതിനായി പരിസ്ഥിതി ആഘാത പഠനം 31.12.2021 ൽ പൂർത്തിയായി. റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട് ഗവൺമെന്റ് ഉത്തരവ് 18.04.2022 ൽ ലഭിച്ചിട്ടുണ്ട്. പട്ടയഭൂമി ഏറ്റെടുക്കുന്നതിനായി 11 (1) വിജ്ഞാപനം 29.08.2022 ൽ റവന്യൂ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്പോൾ തുടർ സർവ്വേ നടപടികൾ പുരോഗമിക്കുന്നു. സർവ്വേ നടപടികൾക്ക് ശേഷം 19 (1) വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്. |
| (ബി) | നടപടികൾ ത്വരിതപ്പെടുത്തി പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | ഭൂമി ഏറ്റെടുക്കുന്ന മുറയ്ക്ക്, ദർഘാസ് നടപടികൾ ത്വരിതപ്പെടുത്തി പദ്ധതി യാഥാർത്ഥ്യമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ